# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 247 23.01.2018 ൽ മറുപടിയ്ക്ക്

**വാഹന രജിസ്ട്രേഷൻ**

| | ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പുതുതായി നിരത്തിലിറങ്ങുന്ന വാഹനങ്ങൾക്ക് രണ്ട് തരം രജിസ്ട്രേഷൻ നടത്തി ഗതാഗത വകുപ്പ് ജനങ്ങളെ കൊള്ളയടിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | താൽക്കാലിക രജിസ്ട്രേഷൻ ആദ്യം നടത്തണം എന്ന നിബന്ധന സർക്കാർ എന്നാണ് നടപ്പിൽവരുത്തിയത്; ഇതുമൂലം വാഹന ഉടമകൾ രണ്ട് ദിവസം വാഹനം കൊണ്ടുപോകേണ്ടതും രണ്ട് പ്രാവശ്യം പണം കൊടുക്കേണ്ടതുമായ അവസ്ഥ പുനഃപരിശോധിക്കാൻ തയ്യാറാകുമോ? | (ബി) | 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 94 പ്രകാരമാണ് വാഹനങ്ങൾക്ക് താത്ക്കാലിക രജിസ്ട്രേഷൻ നടപ്പിൽ വരുത്തിയിട്ടുള്ളത്. താത്ക്കാലിക രജിസ്ട്രേഷനുവേണ്ടി വാഹനം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതില്ല. വാഹനങ്ങളുടെ സ്ഥിര രജിസ്ട്രേഷനുവേണ്ടി വാഹനം രജിസ്റ്ററിംഗ് അതോറിറ്റി മുൻപാകെ ഹാജരാക്കേണ്ടതുണ്ട്. ആയതിനാൽ താത്ക്കാലിക രജിസ്ട്രേഷനും സ്ഥിര രജിസ്ട്രേഷനുമായി രണ്ട് തവണ വാഹനം പരിശോധനയ്ക്ക് ഹാജരാക്കേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ